(ബി) പ്രസ്തുത ജീവനക്കാർ ഇന്ന് എതെല്ലാം തസ്തികകളിൽ എന്തെല്ലാം അധികചുമതലകൾ കൂടി നിർവഹിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) 14 വർഷത്തിലധികമായി ജില്ലാപഞ്ചായത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയൽ തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ പരിഗണനയ്ക്കായി നിലവിലുണ്ടോ ;

(ഇ) പി.എസ്.സി. വഴി യോഗ്യത നേടാനുള്ള പ്രായപരിധി കഴിഞ്ഞ ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. പി. സുരേഷ് നൈറ്റ് വാച്ച്മാനായും ശ്രീമതി ഇ. വി. ദീപ്തി ടെലിഫോൺ ഓപ്പറേറ്റർ കം ഓഫീസ് അസിസ്റ്റന്റായും ശ്രീ. ആർ. എം. സാബു പാർട്ട് ടൈം ലൈബ്രേറിയൻ ആയും ജോലി ചെയ്യുന്നു. ഇവർക്ക് മറ്റ് അധിക ജോലികൾ നല്കിയിട്ടില്ല.

(സി) ഇതുസംബന്ധിച്ച അപേക്ഷ ബഹു. മുഖ്യമന്ത്രിക്ക് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് മറ്റൊരു ഫയൽ പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ നിയമവ്യവസ്ഥയില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ നൽകിയ ഫണ്ട്

256 (3236) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നൽകിയിട്ടുള്ള ഫണ്ട് മേഖല തിരിച്ച് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവുകളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് മേഖല തിരിച്ച് ലഭ്യമാക്കാമോ ;

(സി) 2007-08 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നൽകിയിട്ടുള്ള ഫണ്ട് മേഖല തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഈ സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും ചെലവഴിച്ച തുക മേഖല തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) ഗ്രാമപഞ്ചായത്തുകൾക്ക് മേഖല തിരിച്ചല്ല ഫണ്ട് ലഭ്യമാക്കുന്നത്.

ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി

257 (3237) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കർഷകത്തൊഴിലാളി പെൻഷന്റെ വാർഷിക പരിധി ഉയർത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-6-2014- ലെ സ.ഉ (എംഎസ്.) നമ്പർ 52/2014/സാനിവ പ്രകാരം സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തൊഴിലും നൈപുണ്യവും വകുപ്പുമായി ബന്ധപ്പെട്ട വിഷയമാകയാൽ വിവരം ശേഖരിച്ചുവരുന്നു.

നിർമ്മയ ഷെൽട്ടറുകൾ

258 (3238) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly